# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1853

07.03.2017 ൽ മറുപടിക്ക്

## സിവിൽ സർവീസ് തസ്തിക

| ചോദ്യം: | ഉത്തരം : |
|---|---|
| ശ്രീ. കെ.വി.വിജയദാസ് | ശ്രീ.പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) കേരളത്തിൽ ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. തുടങ്ങിയ സിവിൽ സർവീസ് തസ്തികകളിൽ അനുവദനീയമായ എത്ര തസ്തികകളാണ് നിലവിലുള്ളത്; | (എ) കേരളത്തിൽ ഐ.എ.എസ്, ഐ.എഫ്.എസ്., ഐ.പി.എസ്. എന്നീ സിവിൽ സർവീസ് കേഡറുകളിൽ യഥാക്രമം 231,107,172 എണ്ണം അനുവദനീയ തസ്തികകളാണ് നിലവിലുള്ളത്. |
| (ബി) നിലവിൽ എത്ര സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെ ഒഴിവുകളാണ് ഉള്ളത്; | (ബി) നിലവിൽ ഐ.എ.എസിൽ 86 ഉദ്യോഗസ്ഥരുടെയും, ഐ.എഫ്.എസിൽ 42 ഉദ്യോഗസ്ഥരുടെയും, ഐ.പി.എസിൽ സീനിയർ ഡ്യൂട്ടി പോസ്റ്റിലെ 12 ഒഴിവുകളുൾപ്പെടെ 52 പേരുടെയും കുറവുണ്ട്. |
| (സി) ഇതിൽ എത്ര സിവിൽ സർവീസ് ഉദ്യോഗസ്ഥർ ഒന്നിലധികം വകുപ്പുകൾ കൈകാര്യം ചെയ്യുന്നുണ്ട്; | (സി) ഐ.എ.എസിൽ 16 ഉദ്യോഗസ്ഥർ ഒന്നിലധികം വകുപ്പുകളുടെ ചുമതല വഹിക്കുന്നുണ്ട്. |
| (ഡി) സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെ ഒഴിവുകൾ നികത്താനാവാത്ത സാഹചര്യത്തിൽ ഈ പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ? | (ഡി) നേരിട്ടുള്ള നിയമനത്തിൽ കൂടിയും ഉദ്യോഗക്കയറ്റം മുഖേനയും കൂടുതൽ ഉദ്യോഗസ്ഥരെ ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ് എന്നിവയിൽ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

Mary M

സെക്ഷൻ ഓഫീസർ